ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE: 11.09.2024**

## പ്രധാനവാർത്തകൾ

**1). നഴ്സുമാർക്കുള്ള 2024- ലെ നാഷണൽ ഫ്ലോറൻസ് നൈറ്റിംഗേൽ അവാർഡുകൾ ന്യൂഡൽഹിയിൽ രാഷ്ട്രപതി ദ്രൗപതി മുർമു സമ്മാനിച്ചു.**

**2). സാമൂഹിക പ്രതിബദ്ധതയിൽ അധിഷ്ഠിതമായ പ്രവർത്തനമാണ് സഹകരണ മേഖലയുടെതെന്നും സഹകാരികളാണ് സഹകരണമേഖലയുടെ യഥാർത്ഥ ഉടമകളെന്നും മന്ത്രി വി.എൻ വാസവൻ.**

**3). കൃത്യമായ നിയമ, നയ രൂപീകരണത്തിലൂടെ മലയാള സിനിമ, സീരിയൽ രംഗത്തെ പൂർണമായും സ്ത്രീ സൗഹൃദമാക്കുമെന്ന് മന്ത്രി സജി ചെറിയാൻ.**

**4) ഉപജീവനോപാധി കൂടി ലഭ്യമാക്കുന്ന രീതിയിൽ ജനോപകാരപ്രദമായ ഇടങ്ങളാക്കി കണ്ടൽക്കാടുകളെ മാറ്റേണ്ടതുണ്ടെന്ന് മന്ത്രി എ.കെ ശശീന്ദ്രൻ.**

**5). ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി ടൂർണമെൻറിൽ ഇന്ത്യ സെമി ഫൈനലിൽ.**

*****************************************

RNU TVPM

## രാഷ്ട്രപതി - അവാർഡ്

2024- ലെ നാഷണൽ ഫ്ലോറൻസ് നൈറ്റിംഗേൽ അവാർഡുകൾ രാഷ്ട്രപതി ദ്രൗപതി മുർമു സമ്മാനിച്ചു. ഇന്ന് ന്യൂഡൽഹിയിലെ രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിലാണ് നഴ്സുമാർക്ക് അവാർഡുകൾ സമ്മാനിച്ചത്. 1973- ൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ഏർപ്പെടുത്തിയതാണ് നാഷണൽ ഫ്ലോറൻസ് നൈറ്റിംഗേൽ അവാർഡ്. നഴ്സുമാരും നഴ്സിംഗ് പ്രൊഫഷണലുകളും സമൂഹത്തിന് നൽകുന്ന സ്തുത്യർഹമായ സേവനങ്ങൾക്കുള്ള അംഗീകാരമായാണ് ഈ അവാർഡ് നൽകുന്നത്.

*******************************************

## സഹകരണമേഖല-വി.എൻ വാസവൻ

സാമൂഹിക പ്രതിബദ്ധതയിൽ അധിഷ്ഠിതമായ പ്രവർത്തനമാണ് സഹകരണ മേഖലയുടെതെന്നും സഹകാരികളാണ് സഹകരണമേഖലയുടെ യഥാർത്ഥ ഉടമകളെന്നും മന്ത്രി വി.എൻ വാസവൻ. സഹകരണമേഖലയുടെ കാഴ്ചപ്പാടനുസരിച്ച് പ്രവർത്തിക്കാനുള്ള മനോഭാവം ജീവനക്കാർക്ക് ഉണ്ടാകണമെന്ന് മന്ത്രി പറഞ്ഞു. വായ്പക്കാരോടും നിക്ഷേപകരോടും ഒരേ സമീപനമായിരിക്കണം സ്വീകരിക്കേണ്ടതെന്നും ഇടപാടുകാരുടെ വിശ്വാസ്യത നേടിയെടുക്കാൻ ജീവനക്കാർക്ക് കഴിയണമെന്നും മന്ത്രി പറഞ്ഞു. സഹകരണ സർവീസ് പരീക്ഷാ ബോർഡ് മുഖേന പുതിയതായി നിയമനം ലഭിക്കുന്ന ജൂനിയർ ക്ലർക്കുമാർക്കുള്ള ഇൻഡക്ഷൻ ട്രെയിനിംഗ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു ശ്രീ വി എൻ വാസവൻ. റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള നിയമന ഉത്തരവും മന്ത്രി കൈമാറി.

*******************************************

RIU TVPM

## സിനിമാ രംഗം-സജി ചെറിയാൻ

കൃത്യമായ നിയമ, നയ രൂപീകരണത്തിലൂടെ മലയാള സിനിമ, സീരിയൽ രംഗത്തെ പൂർണമായും സ്ത്രീ സൗഹൃദമാക്കുമെന്ന് മന്ത്രി സജി ചെറിയാൻ. സ്ത്രീകൾക്ക് സുരക്ഷിതമായ താമസ സൗകര്യം പ്രദാനം ചെയ്യാൻ തിരുവനന്തപുരം നഗരത്തിലെ കൈരളി, ശ്രീ, നിള തിയേറ്റർ കോംപ്ലക്സിൽ ഒരുക്കിയ സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻറെ സംരംഭമായ സഖി - ഡോർമെറ്ററിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. എല്ലാ മേഖലയിലെയും സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളില്ലാതാക്കുന്ന ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തുന്നത്.

സ്ത്രീ സൗഹൃദ തൊഴിലിടത്തോ ടൊപ്പം ശാക്തീകരണവും സിനിമാരംഗത്ത് നടപ്പിലാക്കി വരികയാണെന്ന് മന്ത്രി പറഞ്ഞു. സിനിമ ടൂറിസ്റ്റ് കേന്ദ്രമെന്ന രീതിയിൽ കേരളത്തെ ലോകത്തിന് മുന്നിൽ അടയാളപ്പെടുത്താനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നതെന്നും മന്ത്രി വെളിപ്പെടുത്തി.

****************************************

RNUTVPM

## കണ്ടൽക്കാട്- എ.കെ. ശശീന്ദ്രൻ

ഉപജീവനോപാധി കൂടി ലഭ്യമാക്കുന്ന രീതിയിൽ ജനോപകാരപ്രദമായ ഇടങ്ങളാക്കി കണ്ടൽക്കാടുകളെ മാറ്റണമെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. വനംവകുപ്പിൻറെയും കേരള വനം ഗവേഷണ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിൻറെയും വൈൽഡ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെയും സംയുക്താഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച '<u>കണ്ടൽ മേഖലയിലെ ഉപജീവന സാധ്യതകളും സാമൂഹ്യാധിഷ്ഠിത സുസ്ഥിര ടൂറിസവും</u>' എന്ന വിഷയത്തിലെ ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കണ്ടൽ പ്രദേശത്തെ ടൂറിസം സാധ്യതകൾ

പ്രയോജനപ്പെടുത്തണം. സംരക്ഷണത്തിൻറെ പേരിൽ ജനങ്ങളെ അകറ്റിനിർത്തുന്ന രീതി ഒഴിവാക്കണം.

****************************************

## വനരക്തസാക്ഷി ദിനം

വന സംരക്ഷണത്തിനായി ജീവൻ വെടിഞ്ഞവരുടെ ഓർമകൾ പുതുക്കി ദേശീയ വന രക്തസാക്ഷി ദിനം ആചരിച്ചു. തിരുവനന്തപുരം വനം വകുപ്പ് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ വകുപ്പ് മേധാവി രക്തസാക്ഷി ദിന സന്ദേശം നൽകി. കൃത്യനിർവഹണത്തിനിടെ ജീവൻ വെടിഞ്ഞ വനപാലകരുടെ ഓർമകൾ വരും തലമുറയ്ക്കായി കാത്തുസൂക്ഷിക്കേണ്ടത് ഏവരുടെയും കടമായാണെന്ന് വനം മേധാവി ഗംഗാസിംഗ് ഓർമിപ്പിച്ചു.

****************************************

## ആൻറിബയോട്ടിക്കുകൾ-വീണാ ജോർജ്

ആൻറിബയോട്ടിക്കുകൾ തിരിച്ചറിയാനായി ഇനിമുതൽ നീല നിറത്തിലുള്ള പ്രത്യേക കവറുകളിൽ നൽകണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഡ്രഗ്സ് കൺട്രോൾ വിഭാഗം ആദ്യഘട്ടമായി 50,000 നീല കവറുകൾ തയ്യാറാക്കി സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ സ്റ്റോറുകൾക്ക് നൽകുന്നതാണ്. പിന്നീട്, അതേ മാതൃകയിൽ അതത് മെഡിക്കൽ സ്റ്റോറുകൾ കവറുകൾ തയ്യാറാക്കി അതിൽ ആന്റിബയോട്ടിക് നൽകണം. സർക്കാർ തലത്തിലെ ഫാർമസികൾക്കും ഇതേ പോലെ നീല കവറുകൾ നൽകുന്നതാണ്.

****************************************

RNU TVPM

**വയോസേവന പുരസ്ക്കാരങ്ങൾ**

പ്രമുഖ സംഗീതജ്ഞൻ വിദ്യാധരൻ മാസ്റ്ററേയും, കൂടിയാട്ട കലയുടെ ആഗോള അംഗീകാരത്തിനായി പ്രവർത്തിച്ച വേണുജിയേയും ആജീവനാന്ത സംഭാവനയ്ക്കുള്ള സംസ്ഥാന സർക്കാരിൻറെ ഈ വർഷത്തെ വയോസേവന പുരസ്ക്കാരത്തിന് തിരഞ്ഞെടുത്തു. മന്ത്രി ആർ ബിന്ദുവാണ് അവാർഡുകൾ പ്രഖ്യാപിച്ചത്. വയോജന മേഖലയിൽ ശ്ലാഘനീയമായ സേവനം കാഴ്ചവച്ചിട്ടുള്ള മുതിർന്ന പൗരൻമാർക്കും, വിവിധ സർക്കാർ - സർക്കാരിതര വിഭാഗങ്ങൾക്കും കലാകായിക സാംസ്കാരിക മേഖലകളിൽ മികവ് തെളിയിച്ച മുതിർന്ന പൗരന്മാർക്കും സാമൂഹ്യനീതി വകുപ്പ് നല്കി വരുന്നതാണ് വയോസേവന അവാർഡുകൾ.

****************************************

RNU TVPM

**ബ്രേക്ക്.....**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്..

****************************************

**ഏഷ്യൻ ചാമ്പ്യൻസ് ഹോക്കി**

പുരുഷന്മാരുടെ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി ടൂർണമെൻറിൽ ഇന്ത്യ സെമി ഫൈനലിൽ കടന്നു. ചൈനയിൽ നടക്കുന്ന ടൂർണമെൻറിൽ ഇന്ന് മലേഷ്യയെ 8-1 നാണ് ഇന്ത്യ തകർത്തത്. രാജ് കുമാർ പാൽ ഹാട്രിക് നേടി. അരൈജീത് സിംഗ് രണ്ട് ഗോൾ നേടിയപ്പോൾ ജുഗരാജ് സിംഗും ഹർമൻപ്രീത് സിംഗും ഉത്തംസിംഗും ഓരോ ഗോൾ വീതം നേടി.

****************************************

**<u>കണ്ണൂർ - (ഇൻട്രോ)</u>**

ഓണാഘോഷ തിരക്കിലാണ് നാടും നഗരവും.

നഗര പ്രദേശങ്ങളിലെ മേളകളിലേക്ക് നിരവധി ആളുകളാണ് എത്തിക്കൊണ്ടിരിക്കുന്നത്.

**കണ്ണൂർ നഗരത്തിലെ ഓണാഘോഷത്തെക്കുറിച്ച് ഞങ്ങളുടെ പ്രതിനിധി കെ.ഒ ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്....**

**(വോയിസ്.......)**

****************************************

**<u>ഓണസമ്മാനം-പട്ടികവർഗ്ഗകാർ</u>**

സംസ്ഥാനത്തെ 60 വയസ്സിന് മുകളിൽ പ്രായമുള്ള 55,506 പട്ടികവർഗ്ഗക്കാർക്ക് 1000 രൂപ വീതം മുഖ്യമന്ത്രിയുടെ ഓണസമ്മാനമായി നൽകും. ഇതിന് <u>5 കോടി 55 ലക്ഷത്തി ആറായിരം</u> രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കും.

****************************************

**<u>ഇടുക്കി - ബോണസ്</u>**

സംസ്ഥാനത്തെ ഹാരിസൺസ് മലയാളം പ്ലാന്റ്റേഷനുകളിൽ ബോണസ് തർക്കം പരിഹരിച്ചു. തൊഴിലാളികൾക്ക് 8.33 ശതമാനം തുക ബോണസും 0.77 ശതമാനം തുക എക്സ്ഗ്രേഷ്യയും ആയും നൽകുന്നതിന് തീരുമാനമായി. ലേബർ കമ്മീഷണറേറ്റിൽ ചേർന്ന തൊഴിലാളി, തൊഴിലുടമ പ്രതിനിധികളുടെ യോഗത്തിലാണ് തീരുമാനം.

****************************************

**<u>ഓണം-മിന്നൽ പരിശോധന</u>**

ഓണക്കാലത്ത് പച്ചക്കറി, പലചരക്ക്, സാധനങ്ങളുടെ വില വർദ്ധന തടയുന്നതിൻറെ ഭാഗമായി ഇടുക്കി ജില്ലാ സപ്ലൈ ആഫീസറുടെ നേതൃത്വത്തിൽ മൂന്നാർ ടൗൺ, ചന്തകൾ, പരിസര

RNU TVPM

പ്രദേശങ്ങൾ എന്നിവിടങ്ങളിലെ പച്ചക്കറി / പലചരക്ക് സ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്തി. സിവിൽ സപ്ലൈസ്, ലീഗൽ മെട്രോളജി, ഭക്ഷ്യസുരക്ഷാ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തു. വിവിധ വകുപ്പുകളിലായി 52 കേസുകൾ രജിസ്റ്റർ ചെയ്തു. എൺപത്തിരണ്ടായിരം രൂപ പിഴ ഈടാക്കി.

****************************************

## ഭക്ഷ്യസുരക്ഷാ വകുപ്പ്

കോട്ടയം ജില്ലയിൽ ഓണാഘോഷവുമായി ബന്ധപ്പെട്ട് ഭക്ഷ്യസുരക്ഷാ വകുപ്പ് മൂന്ന് സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന കർശനമാക്കി. ഈ മാസം 13 വരെയാണ് സ്ക്വാഡുകൾ പ്രവർത്തിക്കുക. വിപണികൾ, ഭക്ഷണ ശാലകൾ, വഴിയോര ഭക്ഷണശാലകൾ, ബേക്കറി, മറ്റ് ചെറുകിട സംരംഭങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, ചിപ്സ് നിർമ്മാണ യൂണിറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് പരിശോധന നടത്തി സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്കായി ലാബിലേക്ക് അയക്കും. ഭക്ഷ്യ സുരക്ഷാ ലൈസൻസ് രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കും.

****************************************

## എഡിജിപി

എഡിജിപി യ്ക്കെതിരായ ആരോപണത്തിൽ സർക്കാർ ഉചിതമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഇടതുമുന്നണി കൺവീനർ ടി പി രാമകൃഷ്ണൻ. ഇടതുമുന്നണി യോഗത്തിന് ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. അതേസമയം, ഇന്നത്തെ ഇടതുമുന്നണി യോഗത്തിൽ എ.ഡി.ജി.പി വിഷയം അജണ്ടയിൽ ഉണ്ടായിരുന്നില്ലെന്നും ആർ.ജെ.ഡി വിഷയം ഉന്നയിച്ചെന്നും നേതാവ് വർഗ്ഗീസ് ജോർജ് പറഞ്ഞു. നിലവിലെ

RNUTVPM

അന്വേഷണത്തിൽ ആർ.എസ്.എസ് നേതാവിനെ എ.ഡി.ജി.പി കണ്ട വിഷയം കൂടി ഉൾപ്പെടുത്താമെന്ന് മുഖ്യമന്ത്രി അറിയിക്കുകയായിരുന്നു.

***************************************

## പാലക്കാട് ഐ.ടി.ഐ

സംസ്ഥാനത്ത് നാല് പുതിയ സർക്കാർ ഐടിഐകൾ ആരംഭിക്കാൻ മന്ത്രിസഭാ യോഗത്തിൽ തീരുമാനം. നേമം മണ്ഡലത്തിലെ ചാല, ഒല്ലൂർ മണ്ഡലത്തിലെ പീച്ചി, തൃത്താല മണ്ഡലത്തിലെ നാഗലശ്ശേരി, തവനൂർ മണ്ഡലത്തിലെ എടപ്പാൾ എന്നിവിടങ്ങളിലാണ് ഐടിഐകൾ ആരംഭിക്കുക.

***************************************

## ഏഴാം സംസ്ഥാന ധനകാര്യ കമ്മീഷൻ

ഏഴാം സംസ്ഥാന ധനകാര്യ കമ്മീഷൻ രൂപീകരിക്കാൻ മന്ത്രിസഭാ യോഗത്തിൽ തീരുമാനമായി. മുൻ പ്ലാനിങ്ങ് ബോർഡ് അംഗം കെ. എൻ ഹരിലാൽ ചെയർമാനും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയും അംഗങ്ങളുമാണ്. രണ്ട് വർഷത്തെ കാലാവധിയാണ് കമ്മീഷനുള്ളത്. പഞ്ചായത്തുകളുടെയും മുൻസിപ്പാലിറ്റികളുടെയും ധനസ്ഥിതി അവലോകനം ചെയ്ത് കമ്മീഷൻ ശുപാർശ സമർപ്പിക്കും.

***************************************

## തോട്- പ്രളയനവീകരണം

എറണാകുളം കളമശ്ശേരി നഗരസഭയിലെ പൊട്ടച്ചാൽ തോട് പ്രളയ നിവാരണത്തിന് 14.5 കോടി രൂപയുടെ പദ്ധതിക്ക് മന്ത്രിസഭയുടെ അംഗീകാരം. കളമശ്ശേരി നഗരസഭയിലെ പൊട്ടച്ചാൽ, പരുത്തേലി പ്രദേശങ്ങളിൽ പ്രളയ - വെള്ളക്കെട്ട്

RNUTVPM

സാധ്യതകൾ പൂർണ്ണമായി ഒഴിവാക്കുന്നതിനു വേണ്ടി നടപ്പാക്കുന്ന പ്രളയ നിവാരണ പദ്ധതിയാണിത്.

****************************************

**ശബരിമല**

ഓണത്തോടനുബന്ധിച്ച പൂജകൾക്കായി ശബരിമല ക്ഷേത്ര നട മറ്റന്നാൾ വൈകിട്ട് അഞ്ച് മണിക്ക് തുറക്കും. തന്ത്രി കണ്ഠരര് രാജീവരുടെ സാന്നിദ്ധ്യത്തിൽ മേൽശാന്തി പി.എൻ.മഹേഷ് നമ്പൂതിരി നട തുറന്ന് ദീപം തെളിയിക്കും. കന്നിമാസ പൂജകൾ കൂടി ഉള്ളതിനാൽ ഭക്തർക്ക് തുടർച്ചയായ ഒൻപത് ദിവസം ദർശനം നടത്താം. കന്നിമാസ പൂജകൾക്ക് ശേഷം സെപ്റ്റംബർ 21-നാണ് നട അടയ്ക്കുക. ഓണത്തോടനുബന്ധിച്ച് ഉത്രാട നാളിൽ മേൽ ശാന്തിയുടേയും തിരുവോണത്തിന് ദേവസ്വം

ജീവനക്കാരുടേയും അവിട്ടം നാളിൽ പൊലീസിൻറെയും വകയായി സന്നിധാനത്ത് ഓണസദ്യയുണ്ടാകും.

RNU TVPM

****************************************

****************************************

*******************